# കേരള സർവകലാശാല

നം.പി.ആർ.240/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാല 2016-17 അധ്യയനവർഷം മുതൽ എം.എ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇസ്ലാമിക് ഹിസ്റ്ററി, ഫിലോസഫി, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം (ജനറൽ), തമിഴ്, അറബിക്, എം.കോം വിഷയങ്ങളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായത്തിൽ ബിരുദാനന്തര ബിരുദ പഠനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദമായ വിജ്ഞാപനം ഡിസംബർ 26-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

### ബി.ഡി.എസ് ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ നാലാം ബി.ഡി.എസ് പാർട്ട് ഒന്ന് ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 23 വരെ അപേക്ഷിക്കാം.

ആഗസ്റ്റിൽ നടത്തിയ നാലാം ബി.ഡി.എസ് പാർട്ട് രണ്ട് ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 30 വരെ അപേക്ഷിക്കാം.

### ഇന്റേണൽ മാർക്ക്

കേരള സർകവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം ബി.സി.എ കോഴ്സിന്റെ ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതികൾ 2017 ജനുവരി അഞ്ചിനകം കോ-ഓർഡിനേറ്ററെ അറിയിക്കണം. ഫോൺ. 960544814, 8129912270.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഒക്ടോബർ/നവംബറിൽ നടത്തിയ ഒന്ന്, രണ്ട് വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (പുതിയ സ്കീം/പഴയ സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ 2017 ജനുവരി ഒമ്പത് മുതൽ തിരുവനന്തപുരം കാര്യവട്ടം കാമ്പസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റീസ്, പിരപ്പൻകോട് യു.ഐ.ടി കേന്ദ്രം, കൊല്ലം മുളങ്കാടകം യു.ഐ.ടി, ആലപ്പുഴ യു.ഐ.ടി എന്നിവിടങ്ങളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എക്സിബിഷൻ

കേരള സർവകലാശാല 77-മത് ഇൻഡ്യൻ ഹിസ്റ്ററി കോൺഗ്രസിനോടനുബന്ധിച്ച് കാര്യവട്ടം കാമ്പസിൽ എക്സിബിഷൻ നടത്തുന്നു. സർവകലാശാലയിലെ വിവിധ വിഭാഗങ്ങളായ ആർക്കിയോളജി, ജിയോളജി, അക്വാട്ടിക് ബയോളജി, മാനുസ്ക്രിപ്റ്റ് ലൈബ്രറി, അറബിക് എന്നിവയും സർവകലാശാലയിലെ ഇറാനിയൻ വിദ്യാർത്ഥിയും കേരള സർക്കാരിന്റെ ആർക്കിയോളജി, അർകൈവ്സ് വകുപ്പുകളും സംയുക്തമായി നടത്തുന്ന എക്സിബിഷനിൽ ചരിത്രാതീത കാലം മുതൽ ആധുനിക കാലംവരെയുള്ള പുരാവസ്തുക്കളും, പുരാരേഖകളും, ഫോസിലുകളും, ശിലകളും, നാച്ചുറൽ ഹിസ്റ്ററി വസ്തുക്കളും പ്രദർശിപ്പിക്കും. ഡിസംബർ 28 മുതൽ 30 വരെ നടത്തുന്ന എക്സിബിഷനിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമുൾപ്പെടെ പ്രവേശനം സൗജന്യമായിരിക്കും. ഫോൺ. 9497078573, 9846276539.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2011, 2006 സ്കീം – പ്രോജക്ട് റിപ്പോർട്ട് & വൈവ) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് : പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം – റീസ്ട്രക്ച്ചേർഡ് – 2013 സ്കീം) പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## 45 വയസിന് മുകളിലുള്ളവരുടെ വിവരം ശേഖരിക്കും

കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ധനസഹായത്തോടെ കേരളത്തിലും ലക്ഷദ്വീപിലുമുള്ള 45 വയസിന് മുകളിലുള്ളവരുടെ വിവരം ശേഖരിക്കുന്നതിന് കേരള സർവകലാശാല പോപ്പുലേഷൻ റിസർച്ച് സെന്ററിന് ചുമതല. കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയമാണ് വിവരശേഖരണം നടത്തുന്നത്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസ് ആണ് നോഡൽ ഏജൻസി. തെരഞ്ഞെടുക്കപ്പെടുന്ന താലൂക്കുകളിൽ അടുത്ത് 25 വർഷവും വിവരശേഖരണം തുടരും. ലാസി എന്നറിയപ്പെടുന്ന ഈ സർവ്വേയിലൂടെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക വിവരങ്ങൾ വിശദമായി ശേഖരിക്കുകയാണ് ലക്ഷ്യം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കാലിഗ്രഫി എക്സിബിഷനും ഏകദിന സെമിനാറും

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര അറബിക് ഭാഷാദിനാചരണത്തിന്റെ ഭാഗമായി ഏകദിന സെമിനാറും അറബിക് കാലിഗ്രഫി എക്സിബിഷനും സിൻഡിക്കേറ്റംഗം അഡ്വ. എ.എ റഹിം ഉദ്ഘാടനം ചെയ്തു. ഡോ. പത്മറാവു, ഡോ. എ. നിസാറുദ്ദീൻ, ഡോ. മുഹമ്മദ് താഹ, പ്രൊഫ. ഡോ. എസ്.എ ഷാനവാസ്, ഡോ. സുഹൈൽ, ഡോ. മുഹമ്മദ് ഷാഫി തുടങ്ങിയവർ സംസാരിച്ചു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)




**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
19.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098